ദേവാരണ്യം പദ്ധതി

69 (1123) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. മുരളി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ഭൂമികളിൽ ദേവാരണ്യം പദ്ധതി നടപ്പാക്കുന്നതിന് എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച മരങ്ങൾ വളർന്ന് ആദായം കിട്ടുവാൻ തുടങ്ങിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രതിമാസം എന്തു തുക കിട്ടുമെന്ന് പറയാമോ ;

(ഡി) ഈ പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ ഗണ്യമായ ഭാഗം നശിച്ചുപോയിട്ടുണ്ടോ ;

(ഇ) എങ്കിൽ കാരണമെന്ത് ;

(എഫ്) ക്ഷേത്ര ഭൂമിയിൽ പൂകൃഷി നടത്തുവാൻ ഉദ്ദേശമുണ്ടോ ;

(ജി) ദേവാരണ്യം പദ്ധതിക്കുണ്ടായ പാളിച്ച പൂകൃഷിക്ക് ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2001-2002 മുതൽ ദേവാരണ്യം പദ്ധതി നടപ്പാക്കുന്നതിനായി 1,80,809 രൂപ ചെലവായിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) തേക്ക് മുതലായ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച വകയിൽ നിന്നും ആദായം കിട്ടി തുടങ്ങിയിട്ടില്ലെന്നും വാഴകൃഷി, മറ്റ് നഴ്സറിച്ചെടികൾ തുടങ്ങിയവയിൽ നിന്നും ആദായം കിട്ടുന്നുണ്ടെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ഇതേവരെ 36,698 രൂപ വരുമാനമായി ദേവസ്വം ബോർഡിന് ലഭിച്ചിട്ടുണ്ട്.

(ഡി & ഇ) പ്രതികൂല കാലാവസ്ഥ കാരണം ദേവാരണ്യം പദ്ധതി പ്രകാരം വച്ചു പിടിപ്പിച്ച വൃക്ഷത്തൈകളിൽ കുറേ ഭാഗം നശിച്ചുപോയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) പുഷ്പകൃഷി ഭംഗിയായി നടത്തുവാൻ ദേവസ്വം ബോർഡ് നടപടികളെടുത്തിട്ടുണ്ട്.

മലബാറിലെ ഊരാൺമ ദേവസ്വങ്ങളുടെ വനങ്ങൾ ഏറ്റെടുത്തത് സംബന്ധിച്ച വിവരം

70 (1124) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ ഊരാൺമ ദേവസ്വങ്ങളുടെ എത്ര ഹെക്ടർ പ്രൈവറ്റ് ഫോറസ്റ്റ് ഗവൺമെന്റ് ഏറ്റെടുത്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) വനങ്ങൾ ഏറ്റെടുത്തതിന്റെ പേരിൽ ദേവസ്വത്തിന് എന്തെങ്കിലും നഷ്ടപരിഹാരം നൽകുകയോ ആനിറ്റി അനുവദിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രൈവറ്റ് ഫോറസ്റ്റ് ഗവൺമെന്റ് ഏറ്റെടുത്തതോടുകൂടി ഊരാൺമ ദേവസ്വങ്ങളുടെ വരവ് നിലച്ചുവോ ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് ഗ്രാന്റ് നൽകുവാൻ ഉദ്ദേശമുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) മലബാറിലെ ക്ഷേത്രങ്ങളുടെ ഭരണം നടത്തുന്നത് ട്രസ്റ്റിയോ എക്സിക്യൂട്ടീവ് ആഫീസർമാരോ ആണ്. വകുപ്പ് നേരിട്ട് ഭരണം നടത്തുന്നില്ല. ക്ഷേത്രഭൂമി സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതും മറ്റും ട്രസ്റ്റിമാർ/ എക്സിക്യൂട്ടീവ് ആഫീസർമാരാണ്. ലഭ്യമായ കണക്ക് അനുസരിച്ച് ദേവസ്വങ്ങളുടെ 21,868.8663 ഹെക്ടർ പ്രൈവറ്റ് ഫോറസ്റ്റ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ദേവസ്വങ്ങളുടെ വരവിൽ കുറവ് വന്നിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണിച്ചിട്ടില്ല.

അന്യാധീനപ്പെട്ട ദേവസ്വം ഭൂമി വീണ്ടെടുക്കാൻ നടപടി

71 (1125) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം വക ക്ഷേത്രങ്ങളുടെ എത്രത്തോളം ഭൂമി അന്യാധീനപ്പെട്ടു പോയിട്ടുണ്ട് എന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly